ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17-07-2024**

### പ്രധാനവാർത്തകൾ

**1). കനത്ത മഴയിൽ സംസ്ഥാനത്ത് മഴക്കെടുതികൾ രൂക്ഷം. അടുത്ത 5 ദിവസം കൂടി വ്യാപക മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട് ജില്ലയിൽ ഇന്ന് ചുവപ്പ് ജാഗ്രത.**

**2) തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ മരണമടഞ്ഞ ക്രിസ്റ്റഫർ ജോയിയുടെ കുടുംബത്തിന് 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ച് സംസ്ഥാനസർക്കാർ.**

**3) ഇടുക്കി, വയനാട് വികസന പാക്കേജുകൾക്ക് കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാതല സാങ്കേതിക സമിതി രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു.**

**4) പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർഥി സിദ്ധാർത്ഥൻറെ മരണത്തിൽ വെറ്ററിനറി സർവകലാശാല മുൻ വൈസ് ചാൻസലർക്ക് വീഴ്ച സംഭവിച്ചെന്ന് ജുഡീഷ്യൽ കമ്മീഷൻ.**

**5) കർക്കടക വാവ് ബലിതർപ്പണത്തിന് ദേവസ്വം ബോർഡ് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി മന്ത്രി വി.എൻ വാസവൻ.**

RNU TVPM

6) ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നടന്നു.

*************************************************************************************

**മഴ - ജനറൽ**

കനത്ത മഴയിൽ സംസ്ഥാനത്ത് മഴക്കെടുതികൾ രൂക്ഷം. കാറ്റിലും, മഴയിലും നിരവധി വീടുകൾക്കും, വ്യാപാര സ്ഥാപനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിരവധിപ്പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു. സംസ്ഥാനത്ത് അടുത്ത 5 ദിവസം വ്യാപക മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതിതീവ്രമഴയ്ക്ക് സാധ്യതയുള്ളതിനാൽ വയനാട് ജില്ലയിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് 10 ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ പ്രത്യേക ജാഗ്രത പാലിക്കണം. മലയോരമേഖലയിലും പ്രത്യേക ജാഗ്രത പാലിക്കണമെന്നാണ് നിർദ്ദേശം. സംസ്ഥാനത്തെ വിവിധ നദികളിലെ ജലനിരപ്പ് അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ, കേന്ദ്ര ജല കമ്മീഷൻ ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

*************************************************************************************

RNU/TVPM

**വയനാട് - (ഇൻട്രോ)**

വയനാട് ജില്ലയിൽ അതിശക്തമായ മഴയെ തുടർന്ന് താഴ്ന്ന പ്രദേശങ്ങൾ മിക്കതും വെള്ളത്തിനടിയിലായി. 200-ലധികം പേരെ ജില്ലയിലെ വിവിധ ക്യാമ്പുകളിലേക്ക് മാറ്റിപാർപ്പിച്ചു. ജ
കൂടുതൽ വിവരങ്ങളുമായി ആകാശവാണി
വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് ....
(വോയിസ്.............)

***************************************************************************

**വയനാട് - അവധി**

വയനാട് ജില്ലയിൽ കാലവർഷം ശക്തമായ
സാഹചര്യത്തിൽ ട്യൂഷൻ സെൻ്ററുകൾ, അങ്കണവാടികൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.
മോഡൽ റസിഡൻഷൽ സ്കൂളുകൾക്ക് അവധി ബാധകമല്ല.

***************************************************************************

**കണ്ണൂർ ജില്ല - മഴ നാശനഷ്ടം**

കണ്ണൂർ ജില്ലയിൽ ശക്തമായ മഴയിലും കാറ്റിലും
കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി അഞ്ച് വീടുകൾ പൂർണ്ണമായും 78 വീടുകൾ ഭാഗികമായും തകർന്നു.
പഴശ്ശി ജലസംഭരണിയിൽ നീരൊഴുക്ക് ഗണ്യമായി വർധിച്ചതിനെ തുടർന്ന് 16 ഷട്ടറുകളിൽ ഏഴെണ്ണം പൂർണ്ണമായും തുറന്നു.
ജില്ലയിലെ മിക്ക പുഴകളിലെയും ജലനിരപ്പും കൂടിയിട്ടുണ്ട്.
മണ്ണിടിച്ചിലും, വെള്ളക്കെട്ടും വിവിധയിടങ്ങളിൽ ഗതാഗതത്തിന് തടസ്സം സൃഷ്ടിച്ചു.

***************************************************************************

RNUTVPM

**കോഴിക്കോട് - മഴ**

കോഴിക്കോട് വാണിമേലിൽ ശക്തമായ മഴയിൽ പുഴയിൽ മലവെള്ളപ്പാച്ചിലുണ്ടായി. ജില്ലയിൽ ഇന്ന് മഴയുടെ ശക്തി കുറഞ്ഞിട്ടുണ്ട്. മഴക്കെടുതിയിൽ 33 വീടുകൾ ഭാഗികമായി തകർന്നു. കോഴിക്കോട് താലൂക്കിൽ 5 ദുരിതാശ്വാസ ക്യാംപുകളിലായി 36 പേർ ആണുള്ളത്. പൂനൂർ പുഴയിലും ചാലിയാർ പുഴയിലും, കൈവഴികളായ ഇരുവഞ്ഞിപ്പുഴയിലും ചെറുപുഴയിലും വെള്ളം കയറുന്നുണ്ട്.

***************************************************************************

**മണ്ണിടിച്ചിൽ - ഇടുക്കി**

കനത്ത മഴയിൽ ഇടുക്കിയിൽ വ്യാപക നാശനഷ്ടം. ദേശീയപാത 85 ൽ വിവിധയിടങ്ങളിൽ മണ്ണിടിച്ചിലുണ്ടായി. കല്ലാർകുട്ടി, പാംബ്ല, മലങ്കര അണക്കെട്ടുകളുടെ ഷട്ടർ തുറന്നിട്ടുണ്ട്. അടിമാലി കുരിശുപാറയിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് മുകളിലേക്ക് മൺതിട്ട ഇടിഞ്ഞു വീണ് നാശനഷ്ടങ്ങൾ സംഭവിച്ചു. ഇടുക്കി അണക്കെട്ടിൽ ജലനിരപ്പ് 3.58 അടി ഉയർന്ന് സംഭരണശേഷിയുടെ 42 ശതമാനത്തിലെത്തി. മുല്ലപ്പെരിയാർ അണക്കെട്ടിലും ജലനിരപ്പ് ഒറ്റ ദിവസം കൊണ്ട് രണ്ടര അടിയോളം ഉയർന്ന് 124 അടി പിന്നിട്ടു.

***************************************************************************

**ലക്ഷദ്വീപ് മഴ**

ലക്ഷദ്വീപിലും ശക്തമായ കാറ്റും മഴയും തുടരുന്നു. ഓരോ ദ്വീപുകളിലേക്കുമുള്ള കപ്പൽ സർവ്വീസുകളെ പ്രതികൂല കാലാവസ്ഥ ബാധിച്ചിട്ടുണ്ട്. ദ്വീപുകളിലേക്ക് ഭക്ഷ്യ സാമഗ്രികൾ ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ

RNU TVPM

എത്തിക്കുന്ന ബോട്ടുകളിലെ കയറ്റിയിറക്കൽ പ്രവർത്തനങ്ങളും ദുഷ്കരമായിരിക്കുകയാണ്.

*******************************************************************************

## ആമയിഴഞ്ചാൻ - ധനസഹായം

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ ഒഴുക്കിൽപ്പെട്ട് മരണമടഞ്ഞ ക്രിസ്റ്റഫർ ജോയിയുടെ മാതാവിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് തുക അനുവദിക്കുന്നത്. ഇടുക്കി, വയനാട് വികസന പാക്കേജുകൾക്ക് കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി ജില്ലാതല സാങ്കേതിക സമിതി രൂപീകരിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

*******************************************************************************

## നഗരസഭ - ജോയി വീട്

ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നീക്കുന്നതിനിടെ മരിച്ച ജോയിയുടെ അമ്മയ്ക്ക് വീട് വച്ച് നൽകാനുള്ള സന്നദ്ധത സർക്കാരിനെ അറിയിക്കുമെന്ന് തിരുവനന്തപുരം നഗരസഭ. വിഷയം അടുത്ത കൗൺസിൽ ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും നഗരസഭ പ്രസ്താവനയിൽ അറിയിച്ചു.

*******************************************************************************

## പൂക്കോട് വെറ്ററിനറി -സിദ്ധാർത്ഥൻ

പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർഥി സിദ്ധാർത്ഥൻറെ മരണത്തിൽ വെറ്ററിനറി സർവകലാ ശാല മുൻ വൈസ് ചാൻസലർക്ക് വീഴ്ച സംഭവിച്ചെന്ന് ജുഡീഷ്യൽ കമ്മീഷൻ്റെ കണ്ടെത്തൽ. വി.സി എം.ആർ ശശീന്ദ്രനാഥ് സമയബന്ധിതമായി നടപടി എടുത്തില്ലെന്നാണ്

RNUTVPM

കമ്മീഷൻറെ റിപ്പോർട്ടിൽ പറയുന്നത്. അന്വേഷണ റിപ്പോർട്ട് ജുഡീഷ്യൽ കമ്മീഷൻ രാജ് ഭവനിൽ നേരിട്ടെത്തി ഗവർണർക്ക് കൈമാറി.

****************************************************************************

**<u>വാവുബലി- വി എൻ വാസവൻ</u>**

കർക്കടക  വാവ് ബലിതർപ്പണത്തിന് ദേവസ്വം ബോർഡ് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി മന്ത്രി വി.എൻ വാസവൻ.  എല്ലാ കേന്ദ്രങ്ങളിലും ഭക്തർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരു ക്കുന്നതിനും, പുരോഹിതന്മാരെ നിയോഗിക്കുന്നതിനുമുള്ള  മുന്നൊരുക്കങ്ങൾ ആരംഭിച്ചതായും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

****************************************************************************

**<u>ഓണത്തിനൊരുമുറം പച്ചക്കറി</u>**

ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം  മന്ത്രി പി. പ്രസാദിൻറെ അധ്യക്ഷതയിൽ മന്ത്രിമാർ ചേർന്ന് പച്ചക്കറി തൈകൾ നട്ടു കൊണ്ട് നിർവഹിച്ചു. സെക്രട്ടറിയേറ്റ് അങ്കണത്തിലെ ഉദ്യാനത്തിൽ നടന്ന ചടങ്ങിൽ  മന്ത്രിമാരായ കെ രാജൻ, റോഷി അഗസ്റ്റിൻ, രാമചന്ദ്രൻ കടന്നപ്പിള്ളി, കെ.എൻ ബാലഗോപാൽ, ആർ ബിന്ദു, ജെ.ചിഞ്ചു റാണി, ചീഫ് സെക്രട്ടറി വി . വേണു തുടങ്ങിയവർ പങ്കെടുത്തു.  പരിപാടിയിൽ പങ്കെടുത്തവർക്ക് പച്ചക്കറി കിറ്റുകളും വിതരണം ചെയ്യു.

****************************************************************************

RNU TVPM

**ദേശീയപാത-സഹായം**

എറണാകുളം ബൈപാസ്, കൊല്ലം - ചെങ്കോട്ട ദേശീയപാതാ നിർമാണത്തിന് ജി.എസ്.റ്റി വിഹിതവും, റോയൽറ്റിയും ഒഴിവാക്കി പൊതുമരാമത്ത് വകുപ്പ് ഉത്തരവ് ഇറക്കി. രണ്ടു പാതകളുടെ നിർമ്മാണങ്ങൾക്കുമായി 741.35 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാവുക. ദേശീയ പാത വികസനം സാധ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാ ബദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. നേരത്തെ ദേശീയപാത-66 ൻറെ വികസനത്തിന് സംസ്ഥാനം 5,580 കോടി രൂപ നൽകിയിരുന്നു.

*************************************************************************

**ആമയിഴഞ്ചാൻ - ആദരം**

സമാനതകൾ ഇല്ലാത്ത രക്ഷാപ്രവർത്തനമാണ് തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ ഫയർഫോഴ്സ് നടത്തിയതെന്ന് മന്ത്രി എം ബി രാജേഷ്. തിരുവനന്തപുരം ഫയർഫോഴ്സ് സ്റ്റേഷനിലെത്തി രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയ സ്കൂബ ഡൈവിംഗ് കാരെയും, ജീവനക്കാരെയും അനുമോദിക്കുക യായിരുന്നു അദ്ദേഹം. തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രനും ജീവനക്കാരെ അനുമോദിച്ചു.

*************************************************************************

**യൂത്ത് കോൺഗ്രസ് പ്രതിഷേധം**

ആമയിഴഞ്ചാൻ അപകടത്തിൽ മേയറുടെ രാജി ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ

RNU TVPM

പ്രതിഷേധത്തിൽ സംഘർഷം. ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ച പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. സമരക്കാർക്ക് നേരെ പൊലീസ് ജലപീരങ്കിയും പ്രയോഗിച്ചു.
********************************************************************************

**<u>വയനാട് - സമരം അവസാനിച്ചു</u>**

വയനാട്ടിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട രാജുവിന്റെ മരണത്തിൽ പ്രതിഷേധിച്ച് നാട്ടുകാർ നടത്തിവന്ന റോഡ് ഉപരോധം സർവകക്ഷി യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ അവസാനിപ്പിച്ചു. നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ഒ.ആർ കേളു ഉറപ്പുനൽകിയ സാഹചര്യത്തിലാണ് പ്രതിഷേധം അവസാനിപ്പിച്ചത്.
********************************************************************************

RNU TVPM

**<u>പക്ഷിപ്പനി - കോട്ടയം</u>**

പക്ഷിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് കോട്ടയം വെച്ചൂർ പഞ്ചായത്തിലെ സ്വകാര്യ ഫാമിലെ 3,000 കോഴികളെ  കൊന്നൊടുക്കുന്ന നടപടി ആരംഭിച്ചു. ഇനി ഒരു അറിയിപ്പ് ഉണ്ടാകും വരെ പഞ്ചായത്തിൽ പക്ഷികളുടെ വിൽപനയും നിരോധിച്ചു.
********************************************************************************

**<u>പകർച്ചാവ്യാധി - ക്യാമ്പെയിൻ</u>**

പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൻറെ  നേതൃത്വത്തിൽ 'മാറിയേ മതിയാകൂ' ക്യാമ്പയിന് നാളെ തുടക്കമാകും. ആരോഗ്യ പ്രവർത്തകരുടെ  നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഉറവിട നശീകരണ പ്രവർത്തനങ്ങൾ, മാലിന്യ നിർമാർജ്ജന-

ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.

കൂടാതെ കൊതുക് വളരാനുള്ള സാധ്യത നിലനിർത്തുന്നവർക്കെതിരെയും, മാലിന്യവും മലിനജലവും പൊതുജനാരോഗ്യത്തിന് ഹാനികരമായ രീതിയിൽ നിക്ഷേപിക്കുന്നവർക്കെതിരെയും നിയമനടപടികളുൾപ്പെടെ ക്യാമ്പയിന്റെ ഭാഗമായി നടപ്പാക്കും.

****************************************************************************

**സ്വർണ്ണവില**

സ്വർണ വിലയിൽ വർധന. പവന് 720 രൂപ വർധിച്ച് ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കായ 55,000 രൂപയും ഗ്രാമിന് 90 രൂപ വർധിച്ച് 6,875 രൂപയുമാണ് ഇന്നത്തെ വില.

PRNU TVPM

****************************************************************************

*********************************************